**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5777** **16-03-2023 - ൽ മറുപടിയ്ക്ക്**

**പേ വിഷബാധയ്ക്കെതിരെയുള്ള വാക്സിൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പേ വിഷബാധയ്ക്കെതിരെയുള്ള വാക്സിൻ കുത്തിവച്ചിട്ടും മരണം സംഭവിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് പേവിഷബാധ മൂലം 2022ൽ 25 മരണങ്ങളും, 2023ൽ ഇതു വരെ 2 മരണങ്ങളും ഉണ്ടായിട്ടുണ്ട്. ഇവരിൽ 6 പേർ പേവിഷബാധയ്ക്കെതിരെയുള്ള വാക്സിനും (IDRV), ഇമ്മ്യൂണോഗ്ലോബുലിനും (ERIG) എടുത്തിട്ടുള്ളവരാണ്. |
| (ബി) | വാക്സിൻ നൽകിയിട്ടും പേ വിഷബാധ ഉണ്ടായതായി പറയപ്പെടുന്ന സാഹചര്യത്തിൽ വാക്സിന്റെ ഗുണനിലവാരം പരിശോധിക്കുവാൻ നടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | സംസ്ഥാനത്ത് പേവിഷബാധയ്ക്ക് പ്രതിരോധ മരുന്നുകളായി ആന്റി റാബീസ് വാക്സിനുകളും, ഇമ്മ്യൂണോഗ്ലോബുലിനുമാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. പേവിഷബാധയ്ക്ക് എതിരെയുള്ള രണ്ട് തരം വാക്സിനുകളാണ് സംസ്ഥാനത്ത് ഉപയോഗത്തിലുള്ളത്.<br><br>1. Purified chick embryo cell rabies vaccine<br><br>2. Purified vero.cell Vaccine<br><br>ഈ വാക്സിനുകൾ എല്ലാം തന്നെ സെൻട്രൽ ഡ്രഗ് ലബോറട്ടറി (CDL) യിൽ പരിശോധന കഴിഞ്ഞ് റിലീസ് സർട്ടിഫിക്കറ്റ് ലഭിച്ചതിനു ശേഷം മാത്രമാണ് സംസ്ഥാനത്ത് രോഗികൾക്ക് നൽകി വരുന്നത്. പേവിഷബാധ മരണങ്ങളെ തുടർന്ന് വാക്സിനും ഇമ്മ്യൂണോഗ്ലോബുലിനും പുനഃപരിശോധനയ്ക്കായി Central Drug laboratory (CDL) യിൽ അയച്ച് ഗുണനിലവാരം വീണ്ടും ഉറപ്പാക്കിയിട്ടുണ്ട്. വാക്സിനും ഇമ്മ്യൂണോ ഗ്ലോബുലിനും സ്റ്റാൻഡേർഡ് ക്വാളിറ്റിയാണെന്ന് CDL വീണ്ടും certify ചെയ്തിട്ടുണ്ട്. കേരളത്തിലെ റാബീസ് മൂലമുള്ള മരണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൽ നിന്നും നിയോഗിക്കപ്പെട്ട കേന്ദ്ര സംഘത്തിന്റെ റിപ്പോർട്ട് പ്രകാരം CDSCO ശേഖരിച്ച വാക്സിൻ സാമ്പിളുകൾ സ്റ്റാൻഡേർഡ് ക്വാളിറ്റി ഉള്ളതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ